**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 816** **10-06-2021 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ഭരണാനുമതി നല്കി പ്രവൃത്തി ആരംഭിച്ചിരിക്കുന്ന പാലങ്ങളുടെ പേര് വിവരം വെളിപ്പെടുത്താമോ; | (എ) | 1. അലക്സ് നഗർ - കാഞ്ഞിലേരി പാലം 2. ആലക്കോട് പാലം |
| (ബി) | ഓരോ പാലത്തിന്റെയും പ്രവൃത്തി ഏത് ഘട്ടങ്ങളിലാണെന്നും അവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും അറിയിക്കാമോ; | (ബി) | അലക്സ് നഗർ-കാഞ്ഞിലേരി പാലം - ഈ പാലത്തിന്റെ രണ്ട് അബട്ട്മെന്റുകളുടേയും നാല് പിയറുകളുടേയും ഒരു പിയർ ക്യാപിന്റേയും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. അഞ്ച് സ്പാനുകളിലെ ആദ്യത്തെ സ്പാനിന്റെ ഗർഡറിന്റെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്. ആലക്കോട് പാലം - ആലക്കോട് പാലത്തിന്റെ ആകെയുള്ള രണ്ട് വെൽ ഫൗണ്ടേഷനുകളിൽ ഒരെണ്ണത്തിന്റെ പ്രവൃത്തി പൂർത്തിയായി വരുന്നു. |
| (സി) | ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കാത്ത പാലങ്ങളുണ്ടെങ്കിൽ അവയുടെ പേര് വിവരം അറിയിക്കാമോ; | (സി) | 1. അട്ടൂർക്കടവ് പാലം 2. നുച്ചിയാട് പുഴയ്ക്ക് കുറുകെയുള്ള പാലം - മലയോര ഹൈവേയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | എസ്റ്റിമേറ്റ് സമർപ്പിച്ചതും എന്നാൽ നിലവിൽ ഭരണാനുമതി നൽകാത്തതുമായ പാലങ്ങളേതെല്ലാമാണെന്നും അവയ്ക്ക് അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ എന്നും വെളിപ്പെടുത്താമോ? | (ഡി) | 1. കരുവഞ്ചാൽ പാലം - (2021-2022) ബഡ്ജറ്റിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. 2. വട്ട്യാംതോട് പാലം - എസ്റ്റിമേറ്റ് ഭരണാനുമതിക്കുള്ള നടപടി പുരോഗമി-ക്കുന്നു. |

സെക്ഷൻ ഓഫീസർ